വനമേഖലയിൽ നിന്നും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന സസ്യങ്ങൾ

15 (*701) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വനമേഖലയിൽ നിന്നും അപ്രത്യക്ഷമായി കൊണ്ടിരിക്കുന്ന സസ്യജനുസ്സുകളുടെ സംരക്ഷണത്തിനായി സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) വനമേഖലയിൽ അപൂർവമായതും വംശനാശ ഭീഷണി നേരിടുന്നതുമായ സ്പീഷിസുകളിൽപ്പെട്ട സസ്യങ്ങളെക്കുറിച്ച് ഏതെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ സംസ്ഥാനത്തെ വനമേഖലയിൽ അപൂർവ്വമായി കൊണ്ടിരിക്കുന്ന സസ്യങ്ങളുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) ഇവയിൽ ഏതൊക്കെ ജനുസ്സുകളാണ് റെഡ്ഡേറ്റ് ബുക്കിൽ ഉൾപ്പെട്ടിട്ടുള്ളതെന്നും ഇതിനുവേണ്ടി സ്റ്റാറ്റസ് സർവ്വേ ഏത് ഏജൻസിയാണ് നടത്തിയതെന്നുമുള്ള വിശദാംശം നൽകാമോ ;

(ഇ) അത്യാധുനിക ജനിതക ഗവേഷണങ്ങളും പ്രവർത്തനങ്ങളും നടത്തി അപൂർവ്വമായിക്കൊണ്ടിരിക്കുന്ന സസ്യങ്ങളുടെ സംരക്ഷണത്തിനും പ്രത്യുൽപ്പാദനത്തിനും വേണ്ട നടപടികൾ സ്വീകരിക്കുമോ ?

വനവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ) :

(എ) സ്വീകരിച്ചിട്ടുണ്ട്. സംരക്ഷിത മേഖലകളായ വന്യമൃഗ സംരക്ഷണ കേന്ദ്രങ്ങളിലും ദേശീയോദ്യാനങ്ങളിലും വംശനാശം സംഭവിക്കാവുന്ന സസ്യജനുസ്സുകളെ അവയുടെ സ്വാഭാവികമായ വ്യവസ്ഥയിൽ സംരക്ഷിച്ചു വരുന്നു. കൂടാതെ വംശനാശം സംഭവിക്കാവുന്ന സസ്യജനുസ്സുകളെ സംരക്ഷിക്കുന്നതിനുള്ള പ്രത്യേക പദ്ധതികളായ പ്രോഡക്ട് റോസ് വുഡ്, വിവിധ സ്കീമുകളിലായി ചന്ദനം, ചെങ്കുറിഞ്ഞി എന്നീ ഔഷധ സസ്യങ്ങൾ എന്നിവയുടെ പ്രജനനം ഉറപ്പു വരുത്തുന്നതിനായുള്ള പദ്ധതികൾ, ഔഷധ സസ്യങ്ങളെ അവയുടെ സ്വാഭാവിക ആവാസ വ്യവസ്ഥകളിൽ സംരക്ഷിക്കുന്നതിന് ലക്ഷ്യമിട്ട് ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന എഫ്. ആർ. എൽ. എച്ച്. റ്റി. (ഫൗണ്ടേഷൻ ഫോർ ടീ-വൈറ്റലൈസേഷൻ ഓഫ് ലോക്കൽ ഹെൽത്ത്) മുഖേന നടപ്പാക്കിവരുന്ന ഒൻപത് ഔഷധ സസ്യ സംരക്ഷണ മേഖലകൾ (എം. പി. ബി. എ.) ലോക ബാങ്ക് ധനസഹായമുള്ള കേരള ഫോറസ്ട്രി പ്രോജക്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പ്രത്യേക ആവാസ വ്യവസ്ഥ പരിപാലന പദ്ധതി എന്നിവ നടപ്പിലാക്കുന്നുണ്ട്. സസ്യജാലങ്ങളുടെ വംശനാശത്തിന് വഴിയൊരുക്കുന്ന കാട്ടുതീ പ്രതിരോധിച്ചും സസ്യജനുസ്സുകളെ സംരക്ഷിച്ചു വരുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകൾ കർശനമായ നിയമ നിർമ്മാണം നടത്തിയും അവ ഫലപ്രദമായി നടപ്പിലാക്കിയും വംശനാശം സംഭവിച്ചുക്കൊണ്ടിരിക്കുന്ന സസ്യങ്ങളുടെ ശേഖരണവും ഉപയോഗവും നിയന്ത്രിച്ചു വരുന്നുണ്ട്.

(ബി). ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈട്ടി, ചന്ദനം, ചെങ്കുറിഞ്ഞി, മറ്റ് ഔഷധ സസ്യങ്ങൾ എന്നിവ അപൂർവ്വമായിക്കൊണ്ടിരിക്കുകയാണെങ്കിലും ബൊട്ടാണിക്കൽ സർവ്വേ ഓഫ് ഇന്ത്യ (ബി.എസ്.ഐ.) ശാസ്ത്രീയ വിശകലനം നടത്തി തയ്യാറാക്കി അപൂർവ്വവും വംശനാശ ഭീഷണി നേരിടുന്നതുമായ കേരളത്തിലെ സസ്യജാലങ്ങളുടെ ലിസ്റ്റിൽപ്പെടുത്തിയ 159 സസ്യജനുസ്സുകളുടെ വിവരം ഇതോടൊപ്പമുള്ള പ്രത്യേക പട്ടികയിൽ ചേർക്കുന്നു.*

(ഡി) ചോദ്യം ബി-യുടെ ഉത്തരമായി നൽകിയിട്ടുള്ള പട്ടികയിൽപ്പെടുന്ന 159 സസ്യജനുസ്സുകളും റെഡ് ഡേറ്റാ ബുക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. വിശദമായ സ്റ്റാറ്റസ് സർവ്വേ നടത്തിയിട്ടില്ല. എന്നാൽ ഒറ്റപ്പെട്ട പഠനങ്ങൾ ബോട്ടാണിക്കൽ സർവ്വേ ഓഫ് ഇന്ത്യ വനം വകുപ്പ് പീച്ചിയിലെ കേരള വനഗവേഷണ കേന്ദ്രം, പാലോട് ബൊട്ടാണിക്കൽ ഗാർഡൻ,സർവ്വകലാശാലകൾ എന്നിവ നടത്തിയിട്ടുണ്ട്.

(ഇ) വിവിധ പദ്ധതികളിലായി സസ്യജാലങ്ങളുടെ സംരക്ഷണത്തിനും പ്രജനനത്തിനും വേണ്ടിയുള്ള നടപടികളും എടുത്തു വരുന്നു.

വ്യാജ ജൈവവളങ്ങളുടെ വിൽപ്പന

16 (*702) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പല ജില്ലകളിലും വിലയിലും ഗുണനിലവാരത്തിലും സർക്കാരിന്റെയോ കൃഷി വകുപ്പിന്റെയോ നിയന്ത്രണങ്ങളില്ലാതെ വ്യാജ ജൈവ വളങ്ങളുടെ വിൽപ്പന നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുമൂലം കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മണ്ണിനും മറ്റ് അവശിഷ്ടങ്ങൾക്കുമൊപ്പം രാസവളം ചേർത്താണ് ഇത്തരം വളങ്ങൾ ജൈവ വളം എന്ന പേരിൽ വിൽക്കുന്നത് എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇത്തരം വളം ഉപയോഗിച്ച പല കർഷകരുടെയും ഏലം, കുരുമുളക് ചെടികൾ എന്നിവ പൂർണ്ണമായും നശിച്ചുപോയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) സർക്കാരിന്റെയും കൃഷിവകുപ്പിന്റെയും അംഗീകാരമുള്ളതും ഗുണമേന്മയുള്ളതുമായ ജൈവ വളങ്ങളുടെ വിൽപ്പനയെ ഇത് പ്രതികൂലമായി ബാധിക്കുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ഇക്കാര്യത്തിൽ ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ&ബി) ഇത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി&ഡി) ഇത് സംബന്ധിച്ച വ്യക്തമായ വിവരം ലഭിച്ചിട്ടില്ല.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly